LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ വിദേശയാത്രകൾ

37 (1901) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ്‌വിപ്പ് എന്നിവർ നടത്തിയ വിദേശയാത്രകൾ ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോരുത്തരും നടത്തിയ യാത്രാപരിപാടിയുടെ ആദ്യവസാനം വരെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഏതെങ്കിലും മന്ത്രി ഏതെങ്കിലും വിദേശയാത്ര വേളയിൽ പരിപാടിയിൽ മാറ്റം വരുത്തി മറ്റേതെങ്കിലും സ്ഥലം കൂടി സന്ദർശിക്കുകയുണ്ടായോ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ലഭ്യമായ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* അന്തിമ മറുപടി ശേഖരിച്ചുനൽകുന്നതാണ്.

(സി) മന്ത്രിമാർ വിദേശയാത്ര പരിപാടിയിൽ മാറ്റം വരുത്തി മറ്റ് സ്ഥലങ്ങൾ സന്ദർശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രോട്ടോക്കോൾ

38 (1902) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി, എം.പി., എം.എൽ.എ., ത്രിതല പഞ്ചായത്ത് ഭാരവാഹികൾ, അംഗങ്ങൾ, വിവിധ ഉദ്യോഗസ്ഥർ എന്നിവർ പൊതുചടങ്ങുകളിൽ പങ്കെടുക്കുമ്പോൾ അനുവദിക്കേണ്ടുന്ന പരിഗണന സംബന്ധിച്ച് പ്രോട്ടോക്കോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ക്രമം എപ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കിയ ഉത്തരവുകളുടെ കോപ്പികൾ ലഭ്യമാക്കാമോ ;

(ഡി) പ്രോട്ടോക്കോൾ സംബന്ധിച്ച കൈപ്പുസ്തകം പുറത്തിറക്കിയിട്ടുണ്ടോ : ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ഉണ്ട്. 11-6-2012-ലെ ജി.ഒ. (ആർടി.) നമ്പർ 141/12/ജി.എ.ഡി, 19-10-2012-ലെ ജി.ഒ. (ആർടി.) നമ്പർ 8888/12/ജി.എ.ഡി, 31-7-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 228/2013/ജി എ ഡി, എന്നീ ഉത്തരവുകൾ പ്രകാരം മുഖ്യമന്ത്രി, എം.പി.-മാർ, എം.എൽ.എ.-മാർ ഇടങ്ങി ഉന്നത ഉദ്യോഗസ്ഥർ വരെ പങ്കെടുക്കുന്ന ചടങ്ങുകൾക്കുള്ള പ്രോട്ടോക്കോൾ ക്രമം വ്യക്തമാക്കിയിട്ടുണ്ട്.

(സി) അനുബന്ധം എ - യിൽ കാണാവുന്നതാണ്.

(ഡി) ഉണ്ട്. അനുബന്ധം ബി - യിൽ കാണാവുന്നതാണ്.*

ഭരണസംവിധാനത്തിലെ പോരായ്മകൾ

39 (1903) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ സംവിധാനത്തിന്റെ പോരായ്മമൂലം ജനങ്ങൾ പ്രയാസങ്ങൾ നേരിടുന്നുവെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഭരണത്തിൽ സുതാര്യതയും ഏകോപനവും ഇല്ലെന്ന ആക്ഷേപങ്ങൾ വർദ്ധിച്ചു വരുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉദ്യോഗസ്ഥതലത്തിലുൾപ്പെടെ ഭരണസംവിധാനത്തിന്റെ വീഴ്ചമൂലം അടിയന്തര പ്രാധാന്യത്തോടെ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ പോലും ചുവപ്പ് നാടയിൽ കുടുങ്ങി കിടക്കുന്നുവെന്ന് കേരള ഹൈക്കോടതിയുടെ ഫുൾബെഞ്ച് അഭിപ്രായപ്പെടാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഭരണത്തിൽ കൂടുതൽ വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി സർക്കാർ നടപടിക്രമങ്ങൾ ആധുനികവത്കരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സർക്കാർ സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കിയതിലൂടെ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ്, ഓൺലൈൻ, ഫ്രണ്ട്സ്/അക്ഷയ കേന്ദ്രങ്ങൾ എന്നിവ വഴി ലഭ്യമാക്കുന്നുണ്ട്. വിവരാവകാശ നിയമം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly